**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **20-01-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിലെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീ. എസ്. രാജേന്ദ്രൻ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻകടകളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും, ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും, മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്. 1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു. 2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിച്ചു. 3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്തു. 4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു. റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാകുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും (കണക്ടിവിറ്റി ലഭ്യമല്ലാത്ത 19 കടകൾ ഒഴികെ) ഇ- |

| | | | |
|---|---|---|---|
| | | | പോസ് മെഷീൻ സ്ഥാപിച്ച് ഗുണഭോക്താക്കൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം സുഗമമാക്കി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തിവരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെ ആണ്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | റേഷൻ കടകളിലെ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പാക്കുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനും എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നത്; | (ബി) | റേഷൻകടകളിലെ ആവശ്യകത, നീക്കിയിരുപ്പ് എന്നിവ പരിശോധിച്ചാണ് അലോട്ട്മെന്റ് നൽകുന്നത്. ഇത് വഴി സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുന്നു. റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. ഇത്തരത്തിൽ റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർ നടത്തുന്ന പതിവ് പരിശോധനകൾ കൂടാതെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) എന്നിവരടങ്ങുന്ന വകുപ്പ്തല വിജിലൻസ് സംഘവും, ദക്ഷിണ മേഖല റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ, ഭക്ഷ്യകമ്മീഷൻ എന്നിവരും റേഷൻകടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. |
| (സി) | പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ റേഷൻ കടയുടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (സി) | പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ റേഷൻ കടയുടമകൾക്കെതിരെ 1966 ലെ കെ.ആർ.ഒ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. റേഷനിംഗ് ഇൻപെക്ടർമാർ തുടങ്ങി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരടക്കം പരിശോധന നടത്തി ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ മാർക്കറ്റ് വില ലൈസൻസികളിൽ നിന്നും ഈടാക്കുന്നതിനോടൊപ്പം ലൈസൻസ് റദ്ദാക്കുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വ്യാപാരികൾക്ക് അനുവദിച്ചിരുന്ന കമ്മീഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിക്കുന്നതിന് മുൻപ് ക്വിന്റലിന് പരമാവധി 100/- രൂപ നിരക്കിലാണ് വിട്ടെടുപ്പിന് കമ്മീഷൻ അനുവദിച്ചിരുന്നത്. ഇ-പോസ് സ്ഥാപിച്ചതിനെ തുടർന്ന് 2017 ൽ 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരിക്ക് 16,000/- രൂപ അടിസ്ഥാന കമ്മീഷൻ ഉറപ്പ് വരുത്തുകയുണ്ടായി. 45 ക്വിന്റലിൽ താഴെ റിക്വയർമെന്റുള്ള വ്യാപാരിക്ക് വിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 220/- രൂപ ക്വിന്റൽ നിരക്കിൽ കമ്മീഷനും, സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 6100/- രൂപ കമ്മീഷൻ പാക്കേജ് പ്രകാരം നിലവിൽ വരുകയുണ്ടായി. 2018 ൽ സ.ഉ(കൈ) നം. 46/2018/ഭ.പൊ.വി.വ തീയതി 30.11.2018 പ്രകാരമുള്ള കമ്മീഷൻ പാക്കേജ് പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ ചില്ലറ വ്യാപാരികൾക്ക് അടിസ്ഥാന കമ്മീഷൻ 16,000/- രൂപയിൽ നിന്നും 18,000 രൂപയായും, 45 ക്വിന്റലിന് താഴെ വിതരണം നടത്തുന്ന വ്യാപാരികൾക്കുള്ള സപ്പോർട്ടീവ് പേയ്മെന്റ് 6,100/- രൂപയിൽ നിന്നും 8,500/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ